ഉത്തരം

മുളംകുന്ന് ശുദ്ധജല വിതരണ പദ്ധതിയുടെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കുമിളി ശുദ്ധജല വിതരണ പദ്ധതിയുടെ പണി ടെൻറർ ചെയ്തു കഴിഞ്ഞു.

വാഗമൺ, കുട്ടിക്കാനം, പള്ളിക്കുന്ന് എന്നീ പദ്ധതികളുടെ എസ്റ്റിമേറ്റ് പുതുക്കിക്കൊണ്ടിരിക്കുന്നു. അതു കഴിഞ്ഞാലുടൻ തന്നെ ടെൻറർ ചെയ്യുന്നതാണ്. പശുപ്പാറ പദ്ധതിയുടെ വിശദാന്വേഷണങ്ങൾ പൂർത്തിയായിക്കഴിഞ്ഞിട്ടില്ല.

ഏലപ്പാറ ടൗണിൽ ശുദ്ധജലവിതരണം

801 [1190] ശ്രീ. സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏലപ്പാറ ടൗണിൽ ശുദ്ധജല വിതരണത്തിനു ഏതെങ്കിലും പുതിയ പദ്ധതി ആരംഭിക്കുന്നുണ്ടോ;

(ബി) ഇതേക്കുറിച്ച് ഇൻവെസ്റ്റിഗേഷൻ നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ ജോലി എന്നത്തേക്കു പൂർത്തിയാകും?

ഉത്തരം

(എ,ബി) ഏലപ്പാറ ടൗണിൽ ഒരു പുതിയ ശുദ്ധജല വിതരണ പദ്ധതിക്കുവേണ്ടി പ്രാരംഭ അന്വേഷണം നടത്തുന്നതിനുള്ള അപേക്ഷ പ്രസ്തുത പഞ്ചായത്തിൽനിന്നും കിട്ടിയതനുസരിച്ച് പ്രാരംഭാന്വേഷണം ആരംഭിച്ചിട്ടുണ്ട്. കേരള ഗ്രാമ വികസന ബോർഡ് നിശ്ചയിക്കുന്ന മുൻഗണനാക്രമമനുസരിച്ച് വിശദമായ അന്വേഷണം പൂർത്തിയാക്കുന്നതാണ്.

പാമ്പനാറിലെ ശുദ്ധജല വിതരണം

802 [1191] ശ്രീ. സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട്ടിൽ പാമ്പനാറിൽ ഇന്നുള്ള ശുദ്ധജല വിതരണം തീരെ അപര്യാപ്തമാണെന്നു പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ചന്തയുടെ നടുക്ക് സ്ഥിതി ചെയ്യുന്ന ഇപ്പോഴത്തെ ടാങ്ക് മുസ്ലീം പള്ളിക്കും പള്ളിക്കൂടത്തിനും ശുദ്ധജലം ലഭിക്കുമാറ് ഉയർന്ന ഒരു സ്ഥലത്ത് മാറ്റി സ്ഥാപിക്കുന്നതിനു അടിയന്തിരമായി ശ്രദ്ധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഉയർന്ന പ്രദേശങ്ങളിൽ ശുദ്ധജലം കിട്ടത്തക്കവണ്ണം ഒരു ടാങ്ക് കൂടി പണത്തിന്റെ ലഭ്യതയനുസരിച്ച് പണിയുന്നതാണ്.

ഗ്രാമങ്ങളിൽ ശുദ്ധജല വിതരണം

803 [1192] ശ്രീ. വി. ജെ. ജോസഫ്:

ശ്രീ. ഈപ്പൻ കണ്ടക്കുടി:

ശ്രീ. തോമസ് ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

1978-ൽ എത്ര ഗ്രാമങ്ങളിൽ ശുദ്ധജല വിതരണ പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ട്?

ഉത്തരം

42 ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളും 1977.78 ലും 18 ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളും ഈ സാമ്പത്തിക വർഷത്തിലും പൂർത്തിയാക്കിയിട്ടുണ്ട്.

വാടക നിയന്ത്രണ നിയമം

804 [1195] ശ്രീ. കെ. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി പഴവങ്ങാടി പഞ്ചായത്ത് വാടക നിയന്ത്രണ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തണമെന്ന് പഞ്ചായത്തിന്റെയോ പൊതുജനങ്ങളുടേയോ എന്തെങ്കിലും നിവേദനം ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആരിൽ നിന്നും;

(സി) അതിൻമേൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) ഉണ്ട്.

(ബി) റാന്നി മർച്ചന്റ്സ് അസോസിയേഷനിൽനിന്നും പഞ്ചായത്തിൽ നിന്നും.

(സി) പഞ്ചായത്തിന്റെ പ്രമേയത്തിൻമേൽ പഞ്ചായത്തു ഡയറക്ടറുടേയും ജില്ലാ കളക്ടറുടേയും അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly